പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നം. 415.

28.6.2012- ൽ
മറുപടിയ്ക്ക്

**ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾക്കുള്ള അക്രഡിറ്റേഷൻ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. അൻവർ സാദത്ത് :<br>ശ്രീ.കെ.ശിവദാസൻ നായർ :<br>ശ്രീ.വി.റ്റി.ബൽറാം :<br>ശ്രീ.പി.എ.മാധവൻ.: | ശ്രീ.പി.കെ.അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ എല്ലാ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും അക്രഡിറ്റേഷൻ നിർബന്ധമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; | (എ) ഉണ്ട്. സംസ്ഥാനത്തെ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകൾക്ക് അക്രഡിറ്റേഷൻ നിർബന്ധമാക്കിയിട്ടുണ്ട്. എല്ലാ ആർട്സ് & സയൻസ് കോളേജുകൾക്കും അക്രഡിറ്റേഷൻ കരസ്ഥമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. |
| (ബി) ഇത് സംബന്ധിച്ച പഠനം നടത്തുവാൻ നിയോഗിച്ച സമിതിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ; | (ബി) യും (സി) യും കേരളത്തിലെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഗുണമേന്മയും അദ്ധ്യാപകരുടെ നിലവാരവും വിലയിരുത്തുന്നതിനായി ഒരു സ്റ്റേറ്റ് അസ്സസ് മെന്റ് & അക്രഡിറ്റേഷൻ കൗൺസിൽ (SAAC) രൂപീകരിക്കുന്നതിന് മുന്നോടിയായുള്ള ശുപാർശകൾ സമർപ്പിയ്ക്കുന്നതിന് പ്രൊഫ.ഡോ.എ.ജ്ഞാനം ചെയർമാനായി ഒരു കമ്മിറ്റി ഉന്നത വിദ്യാഭ്യാസ കൗൺസിൽ രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി അവരുടെ റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല. |
| (സി) പ്രസ്തുത റിപ്പോർട്ടിലെ ശുപാർശകൾ എന്തെല്ലാമാണ് ; വിശദമാക്കുമോ? | |

സെക്ഷൻ ഓഫീസർ